(ബി) വിശദമായ സാദ്ധ്യതാപഠനംനടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമൂഹികമായും വാണിജ്യപരമായും ഗുണകരമാണെന്ന് കണ്ടാൽ അടിസ്ഥാന സൗകര്യങ്ങളുടെയും ജീവനക്കാരുടെ ലഭ്യതയ്ക്ക് അനുസരിച്ചുതുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ മാവേലിസ്റ്റോർ

124 (138) ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വെങ്ങളം, നടുവത്തൂർ, നടേരി എന്നിവിടങ്ങളിൽ മാവേലിസ്റ്റോറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഈ സ്ഥാപനങ്ങൾ എന്നത്തേക്ക് തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

നടുവത്തൂർ ഉൾപ്പെടുന്ന കീഴരിയൂർ ഗ്രാമപഞ്ചായത്തിലും നടേരി ഉൾപ്പെടുന്ന കൊയിലാണ്ടി മുൻസിപ്പാലിറ്റിയിലും നിലവിൽ സപ്ലൈകോയുടെ മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. വെങ്ങളം ഉൾപ്പെടുന്ന ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ സപ്ലൈകോയുടെ ഒരു സൂപ്പർമാർക്കറ്റും പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ സപ്ലൈകോയുടെ വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകിയാണ് മാവേലിസ്റ്റോറുകൾ അനുവദിക്കുന്നത്. എന്നിരുന്നാലും സാദ്ധ്യതാപഠനംനടത്തി വാണിജ്യപരമായും സാമൂഹികപരമായും ഗുണകരമെന്ന് കണ്ടെത്തിയാൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ആനക്കര മാവേലിസ്റ്റോർ

125 (139) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃത്താല മണ്ഡലത്തിലെ ആനക്കര ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നൽകിയ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കാൻ ഏതെങ്കിലും സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ഗ്രാമപഞ്ചായത്ത് പ്രസ്തുത സ്ഥാപനം തുടങ്ങാൻ അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടും തുടങ്ങാൻ വൈകിയതിനുത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; പ്രസ്തുത സ്ഥാപനം തുടങ്ങാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മാവേലിസ്റ്റോർ തുടങ്ങുന്നതിനുള്ള സാദ്ധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് പ്രസ്തുത അപേക്ഷ സപ്ലൈകോ റീജിയണൽ മാനേജർക്ക് നൽകിയിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പഞ്ചായത്ത് അധികാരികൾ സപ്ലൈകോയുടെ മാനദണ്ഡം അനുസരിച്ചുള്ള കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് സാദ്ധ്യതാപഠനംനടത്തി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ജീവനക്കാരുടെ ലഭ്യതയ്ക്ക് അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ജീവനക്കാരുടെ അഭാവമാണ് തുടർനടപടികൾ സ്വീകരിക്കാൻ വൈകുന്നതിനുള്ള പ്രധാന കാരണം. ഇക്കാര്യത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ വീഴ്ചവരുത്തിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

തൈക്കാട് കേന്ദ്രമായി മാവേലിസ്റ്റോർ

126 (140) ശ്രീ. മുരളി പെരുനെല്ലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട തൈക്കാട് കേന്ദ്രമാക്കി ഒരു മാവേലിസ്റ്റോർ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ ;

(സി) പുതിയ മാവേലിസ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) തൈക്കാട് കേന്ദ്രമായി മാവേലിസ്റ്റോർ ആരംഭിക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാവേലിസ്റ്റോർ തുടങ്ങുന്നതിനുള്ള സാദ്ധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് പ്രസ്തുത അപേക്ഷ സപ്ലൈകോ റീജിയണൽ മാനേജർക്ക് നൽകിയിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) നിലവിൽ സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തായതിനാൽ മുൻഗണനനൽകി പുതിയ മാവേലിസ്റ്റോർ തുടങ്ങുന്നകാര്യം പരിഗണനയിലുണ്ട്.

(ഡി) ജീവനക്കാരുടെ അഭാവമാണ് തുടർനടപടികൾ സ്വീകരിക്കുന്നതിന് തടസ്സമാകുന്നത്. ജീവനക്കാർ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly